(ബി) ഇത്തരം വായ്പകൾ എഴുതിത്തള്ളണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ ഗവൺമെന്റ് എന്തു നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആകെ 24,567 ജപ്തി നടപടികൾക്ക് ഉത്തരവായിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സർക്കാർ തലത്തിൽ നടപടികളൊന്നും എടുക്കാൻ ഇപ്പോൾ ഉദ്ദേശമില്ല. ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടത് വായ്പ അനുവദിക്കുന്ന ബന്ധപ്പെട്ട വകുപ്പുകളും സ്ഥാപനങ്ങളുമാണ്.

84 (608) റിവർ മാനേജ്മെന്റ് ഫണ്ട്

ശ്രീ. കെ. സുധാകരൻ :
ശ്രീ. എം. മുരളി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റിവർ മാനേജ്മെന്റ് ഫണ്ടിൽ എന്തു തുക ഇതുവരെ പിരിഞ്ഞുകിട്ടിയിട്ടുണ്ട്;

(ബി) ഈ തുക എപ്രകാരം വിനിയോഗിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കുമോ;

(സി) ഈ തുക നദികളുടെ നിലനിൽപ്പിനുവേണ്ടി വിനിയോഗിക്കുവാനുള്ള പദ്ധതികൾ ആവിഷ്കരിക്കുമോ?

ഉത്തരം

(എ) ഇതുവരെ 4,49,93,805/- രൂപ പിരിഞ്ഞുകിട്ടിയിട്ടുണ്ട്.

(ബി)&(സി) വിദഗ്ദ്ധ കമ്മിറ്റിയോ പ്രധാനപ്പെട്ട ഗവേഷണ സ്ഥാപനങ്ങളോ തയാറാക്കിയിട്ടുള്ള മാനേജ്മെന്റ് പ്ലാൻ അടിസ്ഥാനത്തിലും കാലാകാലങ്ങളിലുള്ള എൺവയർമെന്റൽ ഇംപാക്ട് അസസ്മെന്റും ഓഡിറ്റും നടത്തുന്നതിനും വേണ്ടി ഈ ഫണ്ട് വിനിയോഗിക്കാവുന്നതാണ്.

85 (609) ജലവൈദ്യുത പദ്ധതികൾക്കുവേണ്ടി കുടിയൊഴിപ്പിക്കപ്പെടുന്നവർ

ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിലെ പെരിഞ്ഞാംകുഴിയിൽ ജലവൈദ്യുത പദ്ധതി ആരംഭിക്കുന്നതിന് വേണ്ടി എത്ര കുടുംബത്തിലുള്ള കർഷകരെ കുടിയൊഴിപ്പിക്കേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly